**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 401** **20-03-2025 - ൽ മറുപടിയ്ക്ക്**

**ഭവനനിർമ്മാണ രംഗത്ത് പുതിയ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. എ. രാജ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭൂപ്രകൃതിയുടെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും അടിസ്ഥാനത്തിൽ ഭവനനിർമ്മാണ രംഗത്ത് പുതുതായി നയരൂപീകരണം നടത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ഭൂപ്രകൃതിയുടെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും അടിസ്ഥാനത്തിൽ ഭവനനിർമ്മാണ രംഗത്ത് പുതുതായി നയരൂപീകരണം നടത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ട്. 2011-ലെ കേരള സംസ്ഥാന പാർപ്പിട നയത്തിൽ കാലാനുസൃതമായ ഭേദഗതികൾ വരുത്തി പുതിയ ഭവനനയം രൂപീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. ഭൂപ്രകൃതിയുടെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും അടിയ്ക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടേയും പശ്ചാത്തലത്തിൽ ഭവനനിർമ്മാണ രംഗത്ത് പ്രകൃതിയ്ക്കനുയോജ്യമായ സുസ്ഥിര നിർമ്മാണ വസ്തുക്കളുടെ ഉപയോഗവും രൂപകൽപ്പനയും സാധ്യമാകുന്ന വിധത്തിലുള്ള ഒരു നയം രൂപീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിൽ പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിത ചൂഷണം ഒഴിവാക്കി ചെലവുകുറഞ്ഞ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഭവനനിർമ്മാണം പ്രോൽസാഹിപ്പിക്കുന്നതിനും, തദ്ദേശീയവും പരമ്പരാഗതവുമായ നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് അനുയോജ്യമായ സാങ്കേതികവിദ്യയിലൂടെ പ്രകൃതിയ്ക്കിണങ്ങുന്ന തരത്തിലുള്ള ചെലവുകുറഞ്ഞ ഭവനനിർമ്മാണത്തിലൂടെ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം കൈവരിക്കാനുമാകും. |
| (ബി) | ഈ രംഗത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ ഭൂപ്രകൃതിയ്ക്കിണങ്ങുന്ന സമഗ്ര ഭവന പദ്ധതികൾക്കായുള്ള രൂപകൽപ്പനയും സാങ്കേതിക വിദ്യയും വികസിപ്പിക്കുന്നതിനായുള്ള ശ്രമങ്ങൾ സർക്കാർ തലത്തിൽ നടത്തിവരുന്നു. നിലവിലെ ഭവനനയത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തി പുതിയ ഭവനനയം രൂപീകരിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ കൈക്കൊണ്ടുവരികയാണ്. 2011 ൽ പുതിയ ഭവന നയം രൂപീകരിക്കുന്നതിനായി ഒരു സമിതിയെ ചുമതലപ്പെടുത്തിയെങ്കിലും ഫലപ്രാപ്തിയിലെത്തിയില്ല. 2018–ലും 2020–ലും കമ്മിറ്റികൾ പുനഃസംഘടിപ്പിച്ചു. പ്രസ്തുത കമ്മിറ്റികൾ തയ്യാറാക്കിയ കരട് പാർപ്പിട നയത്തിൽ ആനുകാലിക മാറ്റങ്ങൾ കൂടി ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു സമഗ്രമായ ഭവന നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിലേയ്ക്കായി ഹൗസിംഗ് കമ്മീഷണർ ലഭ്യമാക്കിയ പുതിയ പാർപ്പിട നയത്തിന്റെ കരട് തദ്ദേശസ്വയംഭരണ, ആസൂത്രണ സാമ്പത്തികകാര്യ, ധനകാര്യ, നിയമവകുപ്പുകളുടെ നിർദ്ദേശങ്ങൾ/അഭിപ്രായങ്ങൾ ലഭ്യമാക്കുവാനായി കൈമാറിയിട്ടുണ്ട്. കൂടാതെ, ചെലവു കുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദവുമായ കെട്ടിട നിർമ്മാണ രീതികൾ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന നിർമ്മിതി കേന്ദ്രം പദ്ധതികൾ തയ്യാറാക്കുന്നതും പ്രവർത്തിച്ചു വരുന്നതും. അതിന്റെ ഭാഗമായി വർഷങ്ങളായി വിവിധ പദ്ധതികളും പരിശീലനങ്ങളും സംസ്ഥാന നിർമ്മിതി കേന്ദ്രം നടത്തി വരുന്നു. |
| (സി) | സംസ്ഥാനത്തെ വിവിധ ജില്ലകളിലായി ഭവനനിർമ്മാണ ബോർഡിന്റെ കീഴിലുള്ള ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനും നിലവിലെ പദ്ധതികൾ ഊർജ്ജിതപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ? | (സി) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിയുക്തമായ ലക്ഷ്യം നിറവേറ്റുന്നതിനും സ്വയം പര്യാപ്തത ഉറപ്പാക്കുന്നതിനുമായി ബോർഡിന്റെ ഉടമസ്ഥതയിൽ ഒഴിഞ്ഞു കിടക്കുന്ന ഭൂമിയിൽ വിവിധ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എറണാകുളം മറൈൻ ഡ്രൈവിലെ ഭൂമിയിൽ നടപ്പിലാക്കുന്ന KSHB - മറൈൻ ഇക്കോ സിറ്റി പദ്ധതി, എറണാകുളം ജില്ലയിലെ തൃക്കാക്കര, കുമാരനാശാൻ നഗർ എന്നിവിടങ്ങളിലും കോഴിക്കോട് മെഡിക്കൽ കോളേജ് പരിസരത്തും 'പാരസ്പര്യം' മാതൃകയിൽ റസിഡൻഷ്യൽ സമുച്ചയ പദ്ധതികളുടെയും തിരുവനന്തപുരം ജില്ലയിൽ കൽപക നഗറിൽ വാണിജ്യ സമുച്ചയ പദ്ധതിയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഇതിനോടകം ഭവനനിർമ്മാണ ബോർഡ് സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ജഗതിയിൽ 'പാരസ്പര്യം' മാതൃകയിൽ റസിഡൻഷ്യൽ കോംപ്ലക്സ് കെട്ടിടവും എറണാകുളം ജില്ലയിലെ കലൂർ, പനമ്പള്ളി നഗർ, കോഴിക്കോട് ജില്ലയിൽ ചേവരമ്പലം എന്നിവിടങ്ങളിൽ വാണിജ്യ സമുച്ചയങ്ങളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ബോർഡിന്റെ ഉടമസ്ഥതയിലുള്ള എരുമേലിയിലെ ഭൂമിയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള 'ഡിവോഷണൽ ടൂറിസം ഹബ് |

| | | | |
|---|---|---|---|
| | | | എന്ന പദ്ധതിയും ഇടുക്കി ജില്ലയിലെ കട്ടിക്കാനത്തും വയനാട് ജില്ലയിലെ മാനന്തവാടിയിലും ബജറ്റ് ഹോട്ടലുകളും സ്ഥാപിക്കുന്ന പ്രവർത്തനങ്ങളും ആലോചനയിലുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞു കിടക്കുന്ന ഭൂമിയിൽ സർക്കാർ ജീവനക്കാർക്കായുള്ള വാടക വീട് പദ്ധതി, സീനിയർ സിറ്റിസൺ ഹോംസ് തുടങ്ങിയ പദ്ധതികളും വിവിധ ജില്ലകളിലായി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ / ക്വാർട്ടേഴ്സ് സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന പ്ലാൻ പദ്ധതികളും ബോർഡ് നടപ്പിലാക്കുന്ന മറ്റ് പദ്ധതികളും ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. സമയബന്ധിതമായി ടെണ്ടറിംഗ് നടപടികൾ പൂർത്തിയാക്കിയും വിവിധ വകുപ്പുകളും ജില്ലാ ഭരണകൂടവുമായി ഏകോപനം നടത്തിയും സ്ഥിരമായ ആന്തരികമേൽനോട്ട സംവിധാനം ഏർപ്പെടുത്തിയും പ്രതിമാസ അവലോകന യോഗങ്ങൾ നടത്തിയും PWD Quality Control Manual അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചും പദ്ധതികൾ സമയബന്ധിതമായും ഫലപ്രദമായും പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഔദ്യോഗിക വെബ് സൈറ്റ്, ഇ-ഗൃഹ മൊബൈൽ/ വെബ് ആപ്ലിക്കേഷൻ, പ്രിന്റ് & ഇലക്ട്രോണിക് മീഡിയ, സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമുകൾ മുതലായ മാധ്യമങ്ങളിലൂടെ പരസ്യങ്ങൾ, ഓൺലൈൻ ക്യാമ്പെയിനുകൾ എന്നിവ പദ്ധതികൾക്ക് പൊതുജനശ്രദ്ധയും നിക്ഷേപക ശ്രദ്ധയും ആകർഷിക്കുന്നതിനായി നടത്തുന്നുണ്ട്.<br><br>കൂടാതെ ഓരോ പദ്ധതിയ്ക്കും താത്കാലിക സമയക്രമം രൂപപ്പെടുത്തുന്നതിനും അത് യാഥാർത്ഥ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ഇ-ഗൃഹ മൊബൈൽ/വെബ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ